**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 177** **30-09-2025 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണത്തിനുള്ള തുക നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എ. രാജ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കർഷകരിൽ നിന്നും നെല്ല് സംഭരിച്ച വകയിൽ മുഴുവൻ തുകയും നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | നിലവിലെ (2024-25 സംഭരണ സീസണിൽ) ഒന്നാംവിളയിൽ 412.40 കോടി രൂപയുടെയും രണ്ടാംവിളയിൽ 1232.66 കോടി രൂപയുടെയും കൂടി ആകെ 1645.07 കോടി രൂപയുടെ നെല്ല് സംഭരിച്ചിട്ടുണ്ട്. ഇതിൽ 1575 കോടി രൂപ വിതരണം നടത്തിയിട്ടുണ്ട്. സീസണിൽ ബാക്കിയുള്ള 70 കോടി രൂപ കർഷകർക്ക് പി.ആർ.എസ് സംവിധാനം മുഖേന നൽകുന്നതിന് ആവശ്യമായ തുക ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ട്. |
| (ബി) | നെല്ല് സംഭരണത്തിന് നടപ്പ് സംഭരണ വർഷം മുതൽ മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി പ്രതിമാസ ക്ലെയിം നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; | (ബി) | **2025 ഏപ്രിൽ മാസം മുതൽ പ്രതിമാസ ക്ലെയിം നല്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ നെല്ല് സംഭരിച്ച ശേഷം ടി നെല്ല് സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകൾ വഴി അരിയാക്കി ആയത് സർക്കാരിന്റെ പൊതു വിതരണ സംവിധാനത്തിലൂടെ AAY, PHH എന്നീ മുൻഗണന വിഭാഗത്തിന് വിതരണം ചെയ്ത് ആയതിന്റെ കണക്കുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് കേന്ദ്ര സർക്കാരിന് സമർപ്പിക്കുമ്പോൾ മാത്രമാണ് MSP ഇനത്തിൽപ്പെട്ട തുക സപ്ലൈകോയ്ക്ക് ലഭ്യമാകുന്നത്. സാധാരണഗതിയിൽ നെല്ല് സംഭരണ സമയം മുതൽ കേന്ദ്ര സർക്കാരിൽ നിന്നും ആയതിന്റെ തുക മേൽ പ്രസ്താവിച്ച രീതിയിൽ സപ്ലൈകോയ്ക്ക് ലഭ്യമാകുമ്പോഴേയ്ക്കും 6 മുതൽ 8 മാസം വരെ വൈകാറുണ്ട്. ഈ കാലതാമസം ഒഴിവാക്കി സംഭരിച്ച നെല്ലിന്റെ വില എത്രയും വേഗത്തിൽ കർഷകർക്ക് ലഭ്യമാക്കുന്നതിനാണ് പി.ആർ.എസ് (Paddy Receipt Sheet) വായ്പപദ്ധതി മുഖേന സപ്ലൈകോ കർഷകർക്ക് സംഭരണ വില നൽകുന്നത്. വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയുടെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന സപ്ലൈകോ നെല്ല് സംഭരണത്തിനായി സർക്കാർ അനുവദിക്കുന്ന** |

| | | | |
|---|---|---|---|
| | | | **തുകയാണ് ഉപയോഗിക്കുന്നത്. സർക്കാരിൽ നിന്നും തുക ലഭിക്കുന്നത് വരെ കർഷകർക്ക് നെല്ലിന്റെ വില നൽകുന്നതിനായി ബാങ്കുകളുമായി സപ്ലൈകോ കരാറിലേർപ്പെടുന്നു. തുടർന്ന് കരാറിലേർപ്പെട്ടിരിക്കുന്ന ബാങ്കുകൾ മുഖാന്തിരം പി.ആർ.എസ്. വായ്പയായി സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു** |
| (സി) | എങ്കിൽ ഇതു പ്രകാരം ഏതെല്ലാം മാസം മുതലാണ് ക്ലെയിം നൽകേണ്ടിയിരുന്നത്; വിശദമാക്കുമോ? | (സി) | (ബി) പിരിവിൽ കാണാവുന്നതാണ്. |

സെക്ഷൻ ഓഫീസർ